ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 29.07.2026**

## പ്രധാനവാർത്തകൾ

1. പരീക്ഷ ക്രമക്കേട് തടയുന്നതിൽ കർശന നടപടികൾ ഉറപ്പുവരുത്തുന്ന പൊതു പരീക്ഷ ഭേദഗതി ബിൽ ലോക്സഭ ഇന്ന് പാസാക്കി.
2. ദേശീയ ഗീതമായ വന്ദേമാതരത്തെ അപമാനിക്കുന്നതിന് മൂന്ന് വർഷം വരെ തടവ് ശിക്ഷ ഉറപ്പുവരുത്തുന്ന ഭേദഗതി ബില്ലിന് അംഗീകാരം നൽകി രാജ്യസഭ.
3. പദ്ധതികൾ വൈകുന്നത് മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം പൂർണമായും ഒഴിവാക്കുന്നതിന് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ച് സംസ്ഥാന മന്ത്രിസഭ യോഗം.
4. റേഷൻ വിതരണത്തിനായുള്ള ഇ-പോസ് മെഷീൻ സംവിധാനത്തിലെ സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാൻ നിർദ്ദേശം നൽകി ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ്
5. സംസ്ഥാനത്തെ വൻകിട വികസന പദ്ധതികളിൽ കൂടുതൽ നിക്ഷേപത്തിന് ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ബാങ്ക് സന്നദ്ധത അറിയിച്ചതായി സംസ്ഥാന സർക്കാർ.
6. കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത
7. കോമൺവെൽത്ത് ഗെയിംസിൽ 12 മെഡലുകളോടെ മുന്നേറ്റം തുടർന്ന് ഇന്ത്യ.

*************************

RNUTVPM

## ബിൽ ലോക്സഭ പാസാക്കി

പരീക്ഷ ക്രമക്കേട് തടയുന്നതിൽ കർശന നടപടികൾ ഉറപ്പുവരുത്തുന്ന പൊതു പരീക്ഷ ഭേദഗതി ബിൽ ലോക്സഭ ഇന്ന് പാസാക്കി. പരീക്ഷ ക്രമക്കേടുകളിൽ പത്ത് വർഷം വരെ തടവും, പത്ത് കോടി രൂപ വരെ പിഴയും, കുറ്റവാളികളുടെ സ്വത്തു കണ്ടുകെട്ടലും ഉൾപ്പെടെ കടുത്ത ശിക്ഷകൾ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. എല്ലാ സംസ്ഥാനങ്ങളിലും അതിവേഗ കോടതികളും സ്ഥാപിക്കാനും ബില്ലിൽ നിർദ്ദേശമുണ്ട്. പരീക്ഷ ക്രമക്കേടുകളിൽ അതിവേഗ നീതി ഉറപ്പാക്കുന്നതിനാണ് ഭേദഗതി ബിൽ കൊണ്ടുവന്നതെന്ന് ബില്ലിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു. വിഷയത്തിൽ സർക്കാരിൻറെ പ്രതിബദ്ധതയാണ് ബിൽ വ്യക്തമാക്കുന്നതെന്നും, ബിൽ സംബന്ധിച്ച് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാതെ പ്രതിപക്ഷം രാഷ്ട്രീയം കളിക്കുന്നതായും അദ്ദേഹം വിമർശിച്ചു. നീറ്റ് വിഷയത്തിലെ വിദ്യാർത്ഥി സമരത്തിനു നേർക്ക് വെടിവെയ്പ്പ് ഉണ്ടായിട്ടില്ലെന്നും, കണ്ണീർവാതകം മാത്രമാണ് പ്രയോഗിച്ചതെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷായ്ക്ക് നേരെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നടത്തിയ ആരോപണങ്ങൾക്ക് മറുപടിയായി കേന്ദ്ര മന്ത്രി പറഞ്ഞു.
( voice )

RNU TVPM

*************************

## ബിൽ -രാഹുൽ ഗാന്ധി (ഇൻട്രോ)

നീറ്റ് വിഷയത്തിലെ വിദ്യാർത്ഥികളുടെ പ്രതിഷേധം അക്രമമോ വിദ്വേഷ പ്രകടനമോ അല്ലെന്നും, ആഴത്തിലുള്ള അഭിപ്രായം അറിയിക്കൽ എന്ന നിലയിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ഇതിനെ ബഹുമാനിക്കണമെന്നും ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു.
(ബൈറ്റ് - രാഹുൽ ഗാന്ധി)

ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നതിന് ഭേദഗതി ബിൽ പര്യാപ്തമല്ലെന്ന് എൻ.കെ പ്രേമചന്ദ്രൻ എംപി വിമർശിച്ചു. പ്രതിപക്ഷ ബഹളത്തിനിടെ രണ്ട് തവണ നിർത്തിവച്ച ലോക്സഭ ബിൽ
പാസാക്കിയ ശേഷം ഇന്നത്തേക്ക് പിരിയുകയായിരുന്നു.

************************

## രാജ്യസഭ - നാഷണൽ ഓണർ

വന്ദേമാതരത്തിന് ദേശീയ ഗാനമായ 'ജന ഗണ മന'യ്ക്ക് തുല്യമായ നിയമ സംരക്ഷണം വ്യവസ്ഥ ചെയ്യുന്ന ഭേദഗതി ബിൽ രാജ്യസഭ ഇന്ന് പാസാക്കി. ദേശീയ ചിഹ്നങ്ങളെ ഇകഴ്ത്തുന്നത് തടയുന്ന 1971 ലെ നിയമമാണ് ഭേദഗതി ചെയ്യുന്നത്. പുതിയ ബിൽ പ്രകാരം ദേശീയ ഗീതമായ വന്ദേമാതരത്തെ മനഃപൂർവ്വം അപമാനിച്ചാൽ മൂന്ന് വർഷം വരെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും. ഇന്ത്യയുടെ ദേശീയ ബോധത്തോടും, സാംസ്കാരിക പൈതൃകത്തോടുമുള്ള പ്രതിബദ്ധതയെയാണ് നിയമനിർമ്മാണം പ്രതിഫലിപ്പിക്കുന്നതെന്ന് ബില്ലിന്മേലുള്ള ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് പറഞ്ഞു. നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞ സഭ നാളെ വീണ്ടും ചേരും.

RNUTVPM

************************

## ഒരു രാജ്യം , ഒരു തിരഞ്ഞെടുപ്പ്

ഒരു രാജ്യം , ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങൾ പരിശോധിക്കുന്ന സംയുക്ത പാർലമെൻററി സമിതിയുടെ കാലാവധി നീട്ടാൻ ലോക് സഭയുടെ അനുമതി . പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിന്റെ അവസാന ആഴ്ചയുടെ ആദ്യ ദിവസം വരെയാണ് കാലാവധി നീട്ടിയത്.

************************

## മന്ത്രിസഭ

ഭരണ പരിഷ്കാരങ്ങളുടെ ഭാഗമായി പദ്ധതികൾ വൈകുന്നത് മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം പൂർണമായും ഒഴിവാക്കുന്നതിന് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ. മുൻഗണനാ പദ്ധതികളുടെ നിർവഹണത്തിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനുമായി സെക്രട്ടറിമാരുടെ എംപവേർഡ് കമ്മിറ്റി രൂപീകരിക്കും. ഓണക്കാലത്തെ വിലക്കയറ്റം തടയാൻ സർക്കാർ സജീവമായി ഇടപെടൽ നടത്തുന്നതായും മുഖ്യമന്ത്രി പറഞ്ഞു. 16 ഇനങ്ങൾ അടങ്ങിയ 6 ലക്ഷത്തിലധികം സൗജന്യ ഓണക്കിറ്റുകൾ ഓഗസ്റ്റ് 10 മുതൽ 20 വരെ വിതരണം ചെയ്യുന്നതിന് പുറമേ വിപണിയിൽ അരിയുടെയും ഗോതമ്പിന്റെയും സ്റ്റോക്കും ഉറപ്പാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ ഓണം മെഗാ ട്രേഡ് ഫെയറുകളും ഓണം മാർക്കറ്റുകളും സംഘടിപ്പിക്കുമെന്നും മുഖ്യമന്ത്രി വാർത്ത സമ്മേളനത്തിൽ പറഞ്ഞു.

*************************

## ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്

കേരളത്തിലെ വൻകിട നിക്ഷേപ പദ്ധതികളിൽ കൂടുതൽ നിക്ഷേപത്തിന് ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് സന്നദ്ധതയറിയിച്ചതായി സംസ്ഥാന സർക്കാർ. ഇതുമായി ബന്ധപ്പെട്ട് ബാങ്കിലെ ഉന്നതതല സംഘം സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രി വി.ഡി. സതീശനുമായി കൂടിക്കാഴ്ച നടത്തി. വരും മാസങ്ങളിൽ കൂടുതൽ ചർച്ചകൾ നടത്തി, മുൻഗണന നൽകേണ്ട പ്രധാന പദ്ധതികളുടെയും നിക്ഷേപങ്ങളുടെയും അന്തിമ പട്ടിക തയാറാക്കും. കൊച്ചി മെട്രോ രണ്ടാം ഘട്ടം , ഖരമാലിന്യ സംസ്കരണ പദ്ധതി, പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാനുള്ള 'റെസിലിയന്റ് കേരള' പ്രോഗ്രാം, അണക്കെട്ടുകളുടെ പുനരധിവാസ പദ്ധതി എന്നിവയിൽ ബാങ്ക് നിലവിൽ കേരളവുമായി സഹകരിക്കുന്നുണ്ട്

RNU TVPM

*************************

## ഇ-പോസ് മെഷീൻ

റേഷൻ വിതരണത്തിനായുള്ള ഇ-പോസ് മെഷീൻ സംവിധാനത്തിലെ സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാൻ ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഓണക്കാലത്ത് റേഷൻ വിതരണം തടസ്സമില്ലാതെ നടക്കുന്നു എന്ന് ഉറപ്പാക്കാൻ പ്രത്യേക ജാഗ്രത പുലർത്തണമെന്നും മന്ത്രി നിർദ്ദേശിച്ചു . ഈ മാസം 20-ന് നെറ്റ് വർക്ക് തകരാറിനെ തുടർന്ന് സംസ്ഥാനത്തുടനീളം റേഷൻ വിതരണം തടസ്സപ്പെടുകയും കടകൾ അടച്ചിടേണ്ടി വരികയും ചെയ്ത പശ്ചാത്തലത്തിലാണ് മന്ത്രി ഉദ്യോഗസ്ഥരുടെ അടിയന്തര യോഗം വിളിച്ചുചേർത്തത്.

*************************

## മത്സ്യത്തൊഴിലാളിക്കായി തെരച്ചിൽ തുടരുന്നു

കൊല്ലം തങ്കശ്ശേരിയിൽ മത്സ്യബന്ധനവള്ളം തകർന്ന് കാണാതായ മത്സ്യത്തൊഴിലാളി റോയിസണായി തെരച്ചിൽ തുടരുന്നു. നേവിയുടെ ഹെലികോപ്റ്റർ അൽപസമയം മുൻപ് നിരീക്ഷണപ്പറക്കൽ നടത്തി. തെരച്ചിലിനായി കോസ്റ്റ് ഗാർഡിൻ്റെ സേവനവും ജില്ലാ ഭരണകൂടം തേടിയിട്ടുണ്ട്.

*************************

## നെൽക്കതിർ സമർപ്പണം നടന്നു

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നിറപുത്തരിക്കായുള്ള നെൽക്കതിർ സമർപ്പണം നടന്നു. ക്ഷേത്രത്തിൻ്റെ കിഴക്കേ നടയിൽ തിരുവനന്തരം മേയർ വി വി രാജേഷും കൗൺസിലർമാരും ചേർന്നാണ് നെൽക്കതിർ സമർപ്പിച്ചത്. രാവിലെ കൊയ്തെടുത്ത നെൽക്കതിർ പുത്തരിക്കണ്ടം മൈതാനത്ത് നിന്നും തല ചുമടായി ഏന്തിയാണ് മേയറും സംഘവും ശ്രീപത്മനാഭസ്വാമി ക്ഷേത്ര നടയിൽ എത്തിയത്. ക്ഷേത്ര ഭാരവാഹികൾ നെൽക്കതിർ ഏറ്റുവാങ്ങി .

*************************

RNU TVPM

## സപ്പോർട്ടീവ് സൂപ്പർവിഷൻ

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൻറെ നാഷണൽ സപ്പോർട്ടീവ് സൂപ്പർവിഷൻ ഫ്രെയിംവർക്ക് പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ആദ്യഘട്ട ദക്ഷിണമേഖലാ ശിൽപശാലയ്ക്ക് തുടക്കമായി. രാജ്യത്തെ സ്വയംസഹായ സംഘങ്ങളിലെയും അയൽക്കൂട്ട അംഗങ്ങളുടെയും സാമ്പത്തിക-സാമൂഹിക ക്ഷേമം ലക്ഷ്യമിട്ടുള്ള കർമപദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിനാണ് രണ്ടു ദിവസത്തെ ശിൽപശാല സംഘടിപ്പിച്ചത്.

*************************

## വൈറ്റ് വാട്ടർ കയാക്കിംഗ് (ഇൻട്രോ)

കേരളത്തിലെ സാഹസിക ടൂറിസം മേഖലയെ അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തുന്ന അന്തർദേശീയ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിന് നാളെ തുടക്കം. ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലുമായി ഓഗസ്റ്റ് രണ്ട് വരെയാണ് ചാമ്പ്യൻഷിപ്പ് നടക്കുന്നത്.

ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു തയ്യാറാക്കിയ റിപ്പോർട്ട്............

(വോയ്സ്)

*************************

## മഴ കേരളം

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ നാളെയും, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മറ്റന്നാളും ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത്, കേരളം,

RNU TVPM

കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

************************

## കോമൺ വെൽത്ത്

കോമൺവെൽത്ത് ഗെയിംസിൽ രണ്ട് സ്വർണ്ണവും ഏഴ് വെള്ളിയും മൂന്ന് വെങ്കലവും ഉൾപ്പെടെ 12 മെഡലുകൾ നേടി ഇന്ത്യ പട്ടികയിൽ ഒമ്പതാം സ്ഥാനത്ത് തുടരുന്നു. ഭാരോദ്വഹനത്തിൽ ഹർജീന്ദർ കൗറും പുരുഷന്മാരുടെ 10,000 മീറ്റർ ഓട്ടത്തിൽ ഗുൽവീർ സിംഗും വെള്ളി മെഡൽ നേടി. പുരുഷന്മാരുടെ 200 മീറ്റർ ഓട്ടത്തിൽ ഇന്ത്യയുടെ അനിമേഷ് കുജൂർ സെമിയിലേക്ക് യോഗ്യത നേടി. പുരുഷന്മാരുടെ ഷോട്ട് പുട്ട് ഇനത്തിൽ തജീന്ദർ സിങ്ങും, സമർദീപ് സിങ്ങും ഫൈനലിലേക്ക് കടന്നു. എന്നാൽ പുരുഷന്മാരുടെ 200 മീറ്റർ ഫ്രീസ്റ്റൈൽ സ്വിമ്മിങ്ങിൽ മലയാളി താരം സജൻ പ്രകാശിനും, അനീഷ് ഗൗഢയ്ക്കും ഫൈനലിലേക്ക് യോഗ്യത നേടാനായില്ല.

***********************************************************************************
*********************************

RNU TVPM